## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2066 — 13.06.2019 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | പൊതുമേഖലയിലെ ആരോഗ്യസ്ഥാപനങ്ങളെ ആശ്രയിക്കുന്ന ജനങ്ങൾക്ക് സൗജന്യമായും മിതമായ നിരക്കിലും കൂടുതൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം ഉറപ്പാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സാധിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണ് ആർദ്രം. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തി വരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം പ്രാഥമിക തലത്തിൽ തന്നെ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ജെ.എസ്.എസ്.കെ., ആർ.ബി.എസ്.കെ., ആരോഗ്യ കിരണം എന്നീ പദ്ധതികൾ വഴി ജനങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികൾ ജനറൽ ആശുപത്രികൾ തുടങ്ങിയവയിൽ കാത്ത് ലാബ് ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്, ജനറൽ, താലൂക്ക് തലം വരെയുള്ള ആശുപത്രികളിൽ ഡയാലിസിസ് സൗകര്യവും തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ സംവിധാനവും ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അവലോകനം നടത്തിയിട്ടുണ്ടോ; പ്രസ്തുത അവലോകനത്തിൽ കണ്ടെത്തിയ പോരായ്മകൾ എന്തൊക്കെയാണ്; അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ആർദ്രം പദ്ധതി സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രിതലത്തിലും ബഹു.മുഖ്യമന്ത്രി തലത്തിലും അവലോകനം നടത്താറുണ്ട്. 2017-18 വർഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിൽ 160 എണ്ണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തിച്ചു വരുന്നു. വലിയ തോതിലുള്ള അടിസ്ഥാന സൗകര്യം കുറവുള്ളവയുടെയും വെള്ളപ്പൊക്കത്തിൽ നശിക്കാൻ ഇടയായവയുടെയും അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും നേഴ്സുമാരുടെ പ്രീചെക്കപ്പ്, കൗൺസിലിംഗ്, ജീവിതശൈലീരോഗങ്ങൾക്കുള്ള എൻ.സി.ഡി.ക്ലിനിക്, ആസ്ത്മ, ശ്വാസംമുട്ടൽ എന്നിവയ്ക്കുള്ള ശ്വാസ് ക്ലിനിക്, മാനസികാസ്വാസ്ഥ്യതയുള്ളവർക്കുള്ള ആശ്വാസ് ക്ലിനിക്ക് എന്നീ സേവനങ്ങൾ അധികമായി ലഭ്യമാക്കി. ആർദ്രം പദ്ധതി ആവിഷ്കരിച്ചതിലൂടെ മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഏർപ്പെടുത്തുന്ന കാര്യം ഏത് ഘട്ടത്തിലാണ്; | (ഡി) & (ഇ) | ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ (2018-19) തെരെഞ്ഞെടുത്ത് 504 കേന്ദ്രങ്ങളിൽ 324 കേന്ദ്രങ്ങളുടെ ഭരണാനുമതി നൽകി, 70 എണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയും 6 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 161 എണ്ണം ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സ്ഥിതിയിലാണ്. രണ്ടാം ഘട്ടത്തിലേക്കായി ഡോക്ടർമാരടക്കമുള്ള അധിക സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാനുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത സ്ഥാപനങ്ങളിൽ പുതുതായി തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ